**“ഭരണ ഭാഷ – മാതൃഭാഷ”**

# ഇൻഫർമേഷൻ കേരളാ മിഷൻ

‘പ്രതീക്ഷ’ ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

## 25.03.2014-ന് വൈകുന്നേരം 5 :30 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 1-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

**ഹാജർ:-**

1. ശ്രീ.ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് **(ചെയർമാൻ)**
2. ഡോ.എം.ഷംസുദ്ദീൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം **(മെമ്പർ സെക്രട്ടറി)**
3. ശ്രീ.ഇ.കെ.പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. അജിത് ബ്രഹ്മാനന്ദൻ, ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ.

**"ഭരണ ഭാഷ – മാതൃഭാഷ"**

# ഇൻഫർമേഷൻ കേരളാ മിഷൻ

'പ്രതീക്ഷ' ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

**25.03.2014-ന് വൈകുന്നേരം 5 :30 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 1-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| 1.1 | 25.01.2014 ന് നടന്ന 63-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ. | 63-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അംഗീകാരത്തിനായി എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. വിയോജനക്കുറിപ്പ് ആരും രേഖപ്പെടുത്തിയിട്ടില്ല. |
| **എടുത്ത തീരുമാനം** | | ശ്രദ്ധയിൽപ്പെടുത്തി. |
| 1.2 | ഇൻഫർമേഷൻ കേരള മിഷൻ 1955 ലെ (12-ാമത്) തിരുവിതാംകൂർ -കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തത് സംബന്ധിച്ച്. | 20.01.2014 തീയതിയിലെ G.O.(Ms)No.15/2014/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1955 ലെ (12-ാമത്) തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് പ്രകാരം TVM/TC/212/2014 നമ്പറായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ 10.02.2014 മുതൽ ഇൻഫർമേഷൻ കേരള മിഷൻ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു. ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻ അജണ്ടയുടെ **അനുബന്ധം-1** ആയി നൽകിയിരുന്നു. |
| **എടുത്ത തീരുമാനം** | | ശ്രദ്ധയിൽപ്പെടുത്തി. |
| 1.3 | ഐ.കെ.എം ജീവനക്കാരുടെ സേവന-വേതന ഘടന രൂപീകരിക്കുന്നത് സംബന്ധിച്ച്. | ഐ.കെ.എം സൊസൈറ്റിയായി സ്വയം ഭരണാധികാരത്തോടെ നിലവിൽ വന്ന സാഹചര്യത്തിൽ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്, വേതന ഘടന എന്നിവ തീരുമാനിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റി നാല് പ്രാവശ്യം യോഗം കൂടി. കമ്മിറ്റിയുടെ ചുമതലകൾ പൂർത്തീകരിക്കുന്നതിന് ഒരുമാസത്തെ സമയം കൂടി ആവശ്യപ്പെട്ടിട്ടുണ്ട്. അനുമതിക്കായി. |
| **എടുത്ത തീരുമാനം** | | ഒരു മാസംകൂടി നീട്ടി |
| 1.4 | ഐ.കെ.എം ലെ കാലപ്പഴക്കം ചെന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച്. | 25.01.2014 ൽ നടന്ന 63-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 63.7 നമ്പർ തീരുമാനപ്രകാരം കാലപ്പഴക്കമുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അപ്ഗ്രേഡ് ചെയ്യുന്നതിന് വിശദമായ പ്രൊപ്പോസൽ സർക്കാരിലേക്ക് അയക്കാൻ നിർദ്ദേശിച്ചിരുന്നു.<br><br>20.02.2014 ൽ ഐ.കെ.എമ്മിൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി കാലപ്പഴക്കമുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അപ്ഗ്രേഡ് ചെയ്യുന്നതിനും, പുതിയ കമ്പ്യൂട്ടറുകൾ, SAN സ്റ്റോറേജ് (ഡി.ആർ സൈറ്റ്), സോഫ്റ്റ്‌വെയറുകൾ എന്നിവ വാങ്ങുന്നതിനുള്ള സ്പെസിഫിക്കേഷൻ, സ്വരാജ് ഭവനിൽ നെറ്റ്‌വർക്കിംഗ് നടത്തുന്നതിനുള്ള സ്പെസിഫിക്കേഷൻ എന്നിവ അംഗീകരിച്ചു.<br><br>ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഇ-ടെന്റർ മുഖേന വാങ്ങുന്നതിന് ഏകദേശം 280.65 ലക്ഷം രൂപയുടെ പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. വിശദമായ പ്രൊപ്പോസൽ അജണ്ടയുടെ **അനുബന്ധം-2** ആയി നൽകിയിരുന്നു. |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| എടുത്ത തീരുമാനം | | ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി ഇതു സംബന്ധിച്ച റിപ്പോർട്ട് ഏപ്രിൽ 20-ാം തീയതിയിലെ കമ്മിറ്റിയിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു. |
| 1.5 | ജില്ലാ കോ-ഓർഡിനേറ്റർമാർക്ക് ലാപ്പ് ടോപ്പ്, 3ജി ഇന്റർനെറ്റ് കണക്ഷൻ എന്നിവ വാങ്ങുന്നത് സംബന്ധിച്ച്. | 25.01.2014 ൽ നടന്ന 63-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 63.14 നമ്പർ തീരുമാനപ്രകാരം ജില്ലാ കോ-ഓർഡിനേറ്റർമാർക്ക് ലാപ്പ് ടോപ്പ്, 3ജി ഇന്റർനെറ്റ് കണക്ഷൻ എന്നിവ വാങ്ങുന്നതിന് വിശദമായ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.<br>ലാപ്പ് ടോപ്പ് വാങ്ങാനുള്ള സ്പെസിഫിക്കേഷൻ 20.02.2014 ൽ ഐ.കെ.എമ്മിൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചു.<br>ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ ലാപ്പ് ടോപ്പ് ഇ-ടെന്റർ മുഖേന വാങ്ങുന്നതിന് ഏകദേശം 4.90 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന **(അജണ്ടയുടെ അനുബന്ധം-3)**. ഇത് വാങ്ങുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | പഴയ കമ്പ്യൂട്ടർ അപ്ഗ്രേഡ് ചെയ്ത് നൽകാൻ തീരുമാനിച്ചു. |
| 1.6 | ജീവനക്കാർക്ക് അഡ്ഹോക്ക് ശമ്പളം അനുവദിക്കുന്നത് സംബന്ധിച്ച്. | ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്, വേതന ഘടന എന്നിവ രൂപീകരിച്ച് നടപ്പാക്കുന്നതിനുള്ള പ്രവർത്തനത്തിന് താമസം വരുന്നതിനാൽ ജീവനക്കാർക്ക് അഡ്ഹോക്ക് ശമ്പളം അനുവദിക്കുന്നതിനുള്ള അംഗീകാരത്തിനായി. |
| എടുത്ത തീരുമാനം | | ജീവനക്കാരുടെ സേവന-വേതന ഘടന നടപ്പാക്കുന്നതിനു വേണ്ടി രൂപീകരിച്ച കമ്മിറ്റി പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. |
| 1.7 | ടെക്നിക്കൽ ഡയറക്ടർ, ഇംപ്ലിമെന്റേഷൻ ഡയറക്ടർ എന്നീ തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് സംബന്ധിച്ച്. | നം.7819/ഇ4/2013/ഐകെഎം തീയിതി 12.12.2013, നം.774/ഇ4/2014/ ഐകെഎം തീയതി 01.01.2014 എന്നീ കത്തുകൾ പ്രകാരം ഇംപ്ലിമെന്റേഷൻ ഡയറക്ടർ, ടെക്നിക്കൽ ഡയറക്ടർ എന്നീ തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നതിനാൽ ഇവ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് സർക്കാരിന്റെ അനുമതിക്കായി അയച്ചിരുന്നു. എന്നാൽ പ്രസ്തുത തസ്തികകൾ ഐ.കെ.എമ്മിൽ ഇല്ല എന്ന് കാണിച്ച് ഈ ആവശ്യം നിരസിക്കുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന വസ്തുതകൾ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നു.<br>G.O(Ms)No.234/2006/LSGD തീയതി 13.10.2006, G.O(Rt)No.769/2008/LSGD തീയതി 15.03.2008 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ശ്രീ.ഷാജി, ശ്രീ.പ്രേംകുമാർ എന്നിവർ യഥാക്രമം ഇംപ്ലിമെന്റേഷൻ ഡയറക്ടർ, ടെക്നിക്കൽ ഡയറക്ടർ എന്നീ തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരാകുകയും, ഐ.കെ.എമ്മിന്റെ ഗവേണിംഗ് കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയിൽ അംഗങ്ങളായി സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്.<br>തുടർന്ന് സർക്കാർ ഉത്തരവ് G.O(Rt)No.3865/ 2008/LSGD തീയതി 03.11.2008 പ്രകാരം ഐ.കെ.എമ്മിലെ ജീവനക്കാരുടെ തസ്തികകൾ പുനർനിർണ്ണയം നടത്തി 11 വിഭാഗങ്ങളിലായി തരം തിരിച്ച് 440 തസ്തികകൾക്ക് അംഗീകാരം നൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിൽ മേൽപ്പറഞ്ഞ തസ്തികകൾ ഇല്ലായിരുന്നു.<br>സർക്കാർ ഉത്തരവ് G.O(Rt)No.3865/2008/LSGD, 06.12.2008 ൽ നടന്ന 24-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 24.6.1 നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ, IKM/Estt/Re-structuring-03/2009 dated 28.01.2009 എന്ന നടപടി ക്രമം അനുസരിച്ച്, എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ടെക്നിക്കൽ ഡയറക്ടർ, ഇംപ്ലിമെന്റേഷൻ ഡയറക്ടർ എന്നീ തസ്തികകൾ |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | ഉൾപ്പെടുത്തി, അന്നത്തെ ഐ.കെ.എം എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, 440 ജീവനക്കാരുടെ ഒരു ലിസ്റ്റ് പ്രസിദ്ധീകരിച്ചു.<br><br>തുടർന്നും G.O(Rt)No. 688/2012/LSGD തീയതി 08.03.2012, G.O(Rt)No.267/2013/LSGD തീയതി 01.02.2013 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, ശ്രീ.അബ്ദുൽ കലാം ആസാദ്, ശ്രീ.ഹരികൃഷ്ണൻ എന്നിവർ ടെക്നിക്കൽ ഡയറക്ടർമാരായും, ശ്രീ.ഷാജി 2011 മാർച്ച് മാസം വരെ ഇംപ്ലിമെന്റേഷൻ ഡയറക്ടരായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.<br><br>ഈ രണ്ട് സീനിയർ തസ്തികകളുടെ അഭാവം, ഐ.കെ.എമ്മിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ്, ടെക്നിക്കൽ സപ്പോർട്ട്, ഫീൽഡ് ലെവൽ ഇംപ്ലിമെന്റേഷൻ എന്നീ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്.<br><br>മേൽ പറഞ്ഞ സത്യാവസ്ഥ കണക്കിലെടുത്ത് ഈ തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് സംബന്ധിച്ച് അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | ജീവനക്കാരുടെ സേവന-വേതന ഘടന നടപ്പാക്കുന്നതിനു വേണ്ടി രൂപീകരിച്ച കമ്മിറ്റി പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. |
| 1.8 | 2012-2013 വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്. | അജണ്ടയുടെ **അനുബന്ധം-4** ആയി ചേർത്തിട്ടുള്ള ഐ.കെ.എമ്മിന്റെ 2012-2013 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | ശ്രദ്ധയിൽപ്പെടുത്തി. |
| 1.9 | 2012-2013 വർഷത്തെ വാർഷിക റിപ്പോർട്ട്, 2013-14 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, 2014-2015 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി, ബഡ്ജറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്. | 2012-13 വർഷത്തെ വാർഷിക റിപ്പോർട്ട്, 2013-14 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, 2014-2015 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടിയും ബഡ്ജറ്റ് എന്നിവ യഥാക്രമം അജണ്ടയുടെ **അനുബന്ധം-5(a)**, **അനുബന്ധം-5(b)** , **അനുബന്ധം-5(c)** ആയി നൽകിയിരുന്നു. എന്നിവ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | **മാറ്റിവച്ചു.** |
| 1.10 | ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 12.5 പ്രകാരം അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്യുന്നത് സംബന്ധിച്ച്. | ഇൻഫർമേഷൻ കേരള മിഷന്റെ സർക്കാർ അംഗീകരിച്ച ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 12.5 പ്രകാരം താഴെ പറയുന്ന അധികാരങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഡെലിഗേറ്റ് ചെയ്യുന്നതിനുള്ള അനുമതിക്കായി.<br><br>1. ഖണ്ഡിക 12.18 - ഐ.കെ.എമ്മിന്റെ ലക്ഷ്യ സാക്ഷാൽകാരത്തിന് ഉതകും വിധം ഉള്ള സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുക.<br>2. ഖണ്ഡിക 12.20 - ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് രാജ്യത്തിനകത്ത് നടത്തേണ്ടിവരുന്ന യാത്രകൾ അംഗീകരിച്ച് അനുമതി നൽകുക.<br>3. ഖണ്ഡിക 12.21 - ഭരണസമിതി കൽപ്പിച്ച് അനുമതി നൽകിയിട്ടുള്ള ഉത്തരവാദിത്തങ്ങളും, പ്രവൃത്തികളും അധികാരങ്ങളും നിർവ്വഹിക്കുക.<br>4. ഖണ്ഡിക17.1(j) - നിർവ്വാഹക സമിതിയുടെ മുൻകൂർ അനുമതിയോടുകൂടി സൊസൈറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റേഷണറി സാധനങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുക |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | 5. ഖണ്ഡിക 17.1(r) - ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റ്, പ്രൊവിഡന്റ് ഫണ്ട്, യാത്രാപ്പടി, ചികിൽസാ നിയനം അനുസരിച്ചുള്ള വൈദ്യ ചികിൽസാ ചെലവ്, യോഗങ്ങൾ നടത്തുന്നതിനു വേണ്ടിവരുന്ന ചെലവുകൾ, നിർവ്വാഹക സമിതിയുടെ അനുമതിയോടുകൂടി ഐ.കെ.എം സന്ദർശിക്കുന്ന വിദഗ്ധരുടെയും അതിധികളുടേയും സന്ദർശന ചെലവുകൾ. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 1.11 | എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിലവിലെ ആവർത്തന/ ഒറ്റത്തവണ ചെലവഴിക്കൽ അധികാരം ഒരു ലക്ഷം രൂപയിൽ നിന്ന് പത്തു ലക്ഷം രൂപയായി ഉയർത്തുന്നത് സംബന്ധിച്ച്. | ഐ.കെ.എം സൊസൈറ്റിയുടെ ബൈലാ റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക17.1(q) പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിലവിലെ ആവർത്തന/ ഒറ്റത്തവണ ചെലവഴിക്കൽ അധികാരം ഒരു ലക്ഷം രൂപയിൽ ഒതുക്കിയിരിക്കുകയാണ്. എന്നാൽ ഐ.കെ.എമ്മിനെ ഒരു സ്വയം ഭരണ സ്ഥാപനമായി ഉയർത്തിയ സാഹചര്യത്തിലും, സ്ഥാപനത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങൾക്ക് ഈ തുക വളരെ കുറവ് ആയത് കൊണ്ടും ഈ തുക കുറഞ്ഞത് പത്തു ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് തടസമില്ല എന്ന് കമ്മിറ്റി തീരുമാനിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർ / ഗ്രൂപ്പ് ഡയറക്ടർ / അക്കൗണ്ട്സ് ഓഫീസർ എന്നിവരിൽ ആരെങ്കിലും രണ്ട് പേർ ചേർന്നായിരിക്കണം ചെക്കുകൾ ഒപ്പിടേണ്ടത് എന്നും തീരുമാനിച്ചു. (എക്സിക്യൂട്ടീവ് ഡയറക്ടറുടെ അനുവാദത്തോടെ) |
| 1.12 | ഒഴിവുള്ള മുനിസിപ്പാലിറ്റി/ ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിക്കുന്നത് സംബന്ധിച്ച്. | 12.09.2013 ൽ നടന്ന 62-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 62.14 നമ്പർ തീരുമാനപ്രകാരം മുനിസിപ്പാലിറ്റി / ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ ടെക്നിക്കൽ അസിസ്റ്റന്റ് മാരുടെ ഒഴിവുള്ള തസ്തികകളിലേക്ക് സർക്കാർ അനുമതിയോടുകൂടി നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. തുടർന്ന് 17.01.2014 തീയതിയിലെ നം.267/ഇ4/2014/ ഐ.കെ.എം നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് പ്രൊപ്പോസൽ നൽകുകയും ചെയ്തു.<br><br>എന്നാൽ 04.02.2014 ലെ സർക്കാർ കത്ത് നം.4826/ഐബി1/ 2014/തസ്വഭവ പ്രകാരം ഇൻഫർമേഷൻ കേരള മിഷനെ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ഐ.കെ.എമ്മിൽ ഇപ്പോൾ പുതിയ നിയമനങ്ങൾ നടത്തുന്നത് അഭികാമ്യമാവുകയില്ല. ആയതിനാൽ ടി.എ മാരെ നിയമിക്കുന്നതിനുള്ള അനുമതി പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിച്ചിട്ടുണ്ട്.<br><br>എന്നാൽ G.O.(Rt)No.3865/08/LSGD dated 03.11.2008 പ്രകാരം മേൽപ്പറഞ്ഞ ഒഴിവുകൾ സർക്കാർ അംഗീകൃത തസ്തികകളാണ്. G.O.(Ms) No.15/2014/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10.02.2014 മുതൽ ഇൻഫർമേഷൻ കേരള മിഷൻ ഒരു സ്വയംഭരണ സ്ഥാപനമായി ചെയ്ത സാഹചര്യത്തിൽ ഖണ്ഡിക 12.13 പ്രകാരം നിയമനങ്ങൾക്കുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിധിയിൽ വരുന്നതാണ്.<br><br>ആയതിനാൽ നിലവിലുള്ള 15 ഒഴിവുകളിലേക്കും, ഭാവിയിൽ വരുന്ന ഒഴിവുകളിലേക്കും ടെക്നിക്കൽ അസിസ്റ്റന്റ് മാരെ നിയമിക്കുന്നതിനു എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനും, ഇന്റർവ്യൂ കമ്മിറ്റി രൂപീകരിക്കുന്നതിനും സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| 1.13 | സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് ഡൊമൈൻ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ഒരു സീനിയർ കൺസൾട്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച് | സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നടപ്പാക്കിക്കഴിഞ്ഞു. നിലവിൽ തദ്ദേശ സ്ഥാപനങ്ങളിലെ അകൗണ്ടന്റ്മാരുടെയും, കെ.എൽ.എസ്.ജി.എസ്.ഡി.പി. പ്രോജക്ടിൽ നിയമിതരായിട്ടുള്ള ഐ.ടി.എക്സ്പേർട്ട്സ് മാരുടെയും ഡൊമൈൻ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഐ.കെ.എം നടപ്പിലാക്കിയ മറ്റ് സോഫ്റ്റ്‌വെയറുകളുമായും, എം.ഒ.പി.ആറിന്റെ പ്രിയാസോഫ്റ്റ് എന്ന സോഫ്റ്റ്‌വെയറുമായി സാംഖ്യ സംയോജിക്കുമ്പോൾ വരാവുന്ന ഡൊമൈൻ സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും, ഒരു ഡൊമൈൻ എക്പെർട്ടിന്റെ സേവനം അനിവാര്യമാണ്.<br><br>ഇതിലേക്കായി, സാംഖ്യ സോഫ്റ്റ്‌വെയറിന്റെ രൂപീകരണം മുതൽ ഇതിന്റെ പ്രവർത്തനത്തിൽ നിസ്തുല സേവനം നൽകിയ ഐ.കെ.എമ്മിന്റെ മുൻ സാംഖ്യ കൺസൾട്ടന്റ് ശ്രീ.ഉദയഭാനു കണ്ടേത്തിനെ സാംഖ്യ സീനിയർ കൺസൾട്ടന്റായി 30,000/- രൂപ പ്രതിമാസ കൺസോളിഡേറ്റഡ് ശമ്പളത്തിൽ നിയമിക്കുന്നതിന് 13.01.2014 ലെ ഐ.കെ.എം/ഇസിഡി/381/2014 നമ്പർ പ്രകാരം സർക്കാരിലേക്ക് ഒരു കത്ത് നൽകിയിരുന്നു. 15.02.2014 ലെ സർക്കാർ കത്ത് നം.3449/ഐബി1/14/തസ്വഭവ പ്രകാരം ശ്രീ.ഉദയഭാനു കണ്ടേത്തിനെ സീനിയർ കൺസൾട്ടന്റായി നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല എന്ന് അറിയിച്ചിട്ടുണ്ട്.<br><br>എന്നാൽ സാംഖ്യ ഇംപ്ലിമെന്റേഷനും, മറ്റുള്ള സോഫ്റ്റ്‌വെയറുകളുമായി വളരെയധികം പ്രശ്നങ്ങൾ നില നിൽക്കുന്നതിനാൽ ഒരു കൺസൾട്ടന്റിന്റെ സേവനം അനിവാര്യമാണ്.<br><br>ആയതിനാൽ ഒരു സാംഖ്യ സീനിയർ കൺസൾട്ടന്റിനെ പ്രതിമാസ 30,000/- രൂപ കൺസോളിഡേറ്റഡ് ശമ്പളത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിനുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | **മാറ്റിവച്ചു.** |
| 1.14 | ഡെപ്യൂട്ടേഷനിലുള്ള ഉദ്യോഗസ്ഥർ ഐ.കെ.എമ്മിൽ തുടരുന്നത് സംബന്ധിച്ച്. | 20.01.2014 തീയതിയിലെ G.O.(Ms) No. 15/2014 / LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 19(a) പ്രകാരം ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്ന ദിവസം ഐ.കെ.എമ്മിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന ഉദ്യോഗസ്ഥർ തിരികെ മാതൃ വകുപ്പിലേക്ക് പോകുകയോ അല്ലെങ്കിൽ പ്രത്യേക ഉത്തരവോടുകൂടി ഡെപ്യൂട്ടേഷൻ പുതുക്കുകയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ ഐ.കെ.എമ്മിൽ ഡെപ്യൂട്ടേഷനിൽ തുടരുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു. |

| Sl. No | Name of the Officers | Designation in IKM | Designation in Parent Department |
|---|---|---|---|
| 1 | Dr M Samsuddin | Executive Director | Scientist (G), Centre for Earth Science Studies, TVM |
| 2 | M P Ajith Kumar | Group Director | Additional Director of Panchayats |
| 3 | T A Rajasekharan | Team Leader (Administration) | Joint Secretary to Govt. Secretariat |
| 4 | P Sherif | Team Leader (Accounts) | Under Secretary to Govt. Secretariat |
| 5 | K B Bahuleyan | Team Leader (Planning, Purchase | Under Secretary to Govt. Secretariat |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | (table continued) |

| | | | |
|---|---|---|---|
| | | & Works) | |
| 6 | P K Abdul Basheer | Team Leader (Grama Panchayat) | Junior Superintendent, Directorate of Panchayats |

ഇവർ ഐ.കെ.എമ്മിൽ ഡെപ്യൂട്ടേഷനിൽ തുടരുന്നതിനുവേണ്ടി സർക്കാരിലേക്ക് 20.02.2014 ൽ നം.1431/ഇ4/2014/ഐകെഎം നമ്പർ കത്ത് നൽകിയിട്ടുണ്ട്. അംഗീകാരത്തിനായി.

**എടുത്ത തീരുമാനം:** മാറ്റിവച്ചു.

**1.15 — ആഡിറ്റ് കമ്മിറ്റി, പ്രോജക്റ്റ് കമ്മിറ്റി എന്നിവ രൂപീകരിക്കുന്നത് സംബന്ധിച്ച്.**

20.01.2014 തീയതിയിലെ G.O.(Ms) No. 15/2014 / LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ബൈലാ, റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 15 പ്രകാരം ഐ.കെ.എമ്മിലെ എല്ലാ ധനപരമായ കണക്കുകൾ/ മറ്റ് ഇടപാടുകൾ എന്നിവ ആഡിറ്റ് ചെയ്യുന്നതിന് ആഡിറ്റ് കമ്മിറ്റി രൂപീകരിക്കാനും, ഖണ്ഡിക 16 പ്രകാരം ഐ.കെ.എമ്മിൽ പുതിയ പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിനും, നിലവിലുള്ള പ്രോജക്റ്റുകൾ പൂർത്തീകരിക്കുന്നിതിന് കർമ്മ പദ്ധതി തയ്യാറാക്കുക എന്നിവയ്ക്കായി പ്രോജക്റ്റ് കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അനുമതിക്കായി.

ആഡിറ്റ് കമ്മിറ്റിയുടെ ചെയർമാൻ ധനകാര്യ വകുപ്പിൽ നിന്നുള്ള പ്രതിനിധിയും ഐ.കെ.എം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായിരിക്കണം എന്ന് ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ആഡിറ്റ് കമ്മിറ്റി, പ്രോജക്റ്റ് കമ്മിറ്റി എന്നിവയിലേക്കുള്ള മെമ്പർമാരെ നിർദ്ദേശിക്കുന്നതിന് സമർപ്പിക്കുന്നു.

**എടുത്ത തീരുമാനം:** മാറ്റിവച്ചു.

**1.16 — ഐ.കെ.എം സൊസൈറ്റിയുടെ പ്രവർത്തനത്തിനായി ഫണ്ട് ശേഖരിക്കുന്നത് സംബന്ധിച്ച്.**

20.01.2014 തീയതിയിലെ G.O.(Ms).No.15/2014/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 20 പ്രകാരം ഐ.കെ.എം സൊസൈറ്റിയുടെ ഫണ്ട് രൂപീകരിക്കുന്നതിലേക്കായി തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നും താഴെ പറയുന്ന തുക 3 ഗഡുക്കളായി 2013-14 മുതൽ 2015-16 നകം അടക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഇതിൽ 2013-14, 2014-15 വർഷത്തെ തുകയായ 92.08 കോടി രൂപ പ്ലാൻ ഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്ത് ഐ.കെ.എമ്മിന് നൽകുന്നതിനുമുള്ള അനുമതിക്കായി.

| No | Local Government | Membership fee in instalments | | | Total Amount (Rs. in lakh) |
|---|---|---|---|---|---|
| | | 2013-14 | 2014-15 | 2015-16 | |
| 1 | Each Grama Panchayat | 3 | 3 | 3 | 9 |
| 2 | Each Block Panchayat | 5 | 5 | 5 | 15 |
| 3 | Each District Panchayat | 15 | 15 | 15 | 45 |
| 4 | Each Municipality | 10 | 10 | 10 | 30 |
| 5 | Each Municipal Corporation | 20 | 20 | 20 | 60 |

ഈ ഫണ്ടിൽ നിന്നും 92.08 കോടി രൂപ സർക്കാരിലേക്ക് 2014-15 ൽ തിരിച്ചടക്കാൻ എം.ഒ.എ യിലെ ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസിലെ

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | ഖണ്ഡിക 20(b)യിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ തുക തിരിച്ചടക്കുന്നതിന് 5 വർഷത്തേക്ക് മോറട്ടോറിയം നൽകുന്നതിനുള്ള അനുമതിക്കായി. |
| **എടുത്ത തീരുമാനം** | | **മാറ്റിവച്ചു.** |
| 1.17 | മിനിസ്ട്രി ഓഫ് റെയിൽവേയുടെ കീഴിലുള്ള റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന കമ്പനിയുടെ വിപിഎൻ ബ്രോഡ്ബാന്റ് (VPNoBB) കണക്ഷൻ എടുക്കുന്നത് സംബന്ധിച്ച്. | നിലവിൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ BSNL ന്റെ 256 Kbps Bandwidth ഉള്ള VPNoBB Connection ആണ് ഉപയോഗിച്ച് വരുന്നത്. ഇത് 256 Kbps ന്റെ പ്രതിവർഷ നിരക്കായ 15,960/- രൂപയ്ക്ക് 512 Kbps ആയി അപ്ഗ്രേഡ് ചെയ്യുന്നതാണെന്ന് BSNL അറിയിച്ചിട്ടുണ്ട്.<br>എന്നാൽ ഇ-ഡിസ്ട്രിക്റ്റ് പ്രോജക്റ്റിന്റെ ഭാഗമായി ഐ.ടി.മിഷൻ മിനിസ്ട്രി ഓഫ് റെയിൽവേയുടെ കീഴിലുള്ള റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ വഴി മലപ്പുറം, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിലെ എല്ലാ വില്ലേജ് ഓഫീസുകളിലും പ്രതിവർഷം 21,000/- രൂപ നിരക്കിൽ ഓപ്റ്റിക് ഫൈബർ VPNoBB- 2Mbps ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഐടി@സ്കൂളും ഈ സംവിധാനം ഉപയോഗിക്കുന്നുണ്ട്.<br>ഈ സംവിധാനം വഴി മേൽ പറഞ്ഞ ജില്ലകളിലെ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും 2Mbps Bandwidth ലഭ്യമാക്കാൻ സാധിക്കും എന്ന് അറിയിച്ചിട്ടുണ്ട്. ഈ സംവിധാനം എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും ലഭ്യമാക്കാൻ കഴിഞ്ഞാൽ എൽ.എസ്.ജി.യുടെ ഇ-ഗവേണൻസിന്റെ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കുന്നതാണ്.<br>2Mbps Bandwidth സംവിധാനം മറ്റ് ജില്ലകളിൽ കൂടി വ്യാപകമാക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾ ഈ സംവിധാനത്തിലേക്ക് മാറുന്നതിന് എൽ.എസ്.ജി.ഡി യ്ക്ക് സമ്മതമാണ് എന്ന സമ്മത പത്രം റെയിൽടെൽ കോർപ്പറേഷന് നൽകേണ്ടതുണ്ട്.<br>റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ സമർപ്പിച്ച പ്രൊപ്പോസൽ നടപ്പാക്കുന്നതിലേക്കായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. പ്രൊപ്പോസൽ അജണ്ടയുടെ **അനുബന്ധം-6** ആയി നൽകിയിരുന്നു. |
| **എടുത്ത തീരുമാനം** | | **മാറ്റിവച്ചു.** |
| 1.18 | സ്വരാജ് ഭവനിലും, തിരഞ്ഞെടുക്കപ്പെട്ട ചില ജില്ലകളിലും, ബഹു:പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടെ ഓഫീസിലേക്കുമായി വീഡിയോ കോൺഫറൻസ് സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച്. | റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഹാർഡ് വെയർ ഉപയോഗിച്ച് 2Mbps ബാന്റ്‌വിഡ്ത്തോടു കൂടിയ വീഡിയോ കോൺഫറൻസ് സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച് ഐ.കെ.എമ്മിന് ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഈ സംവിധാനത്തിൽ ഹാർഡ്‌വെയർ വിന്യാസമോ, എ.എം.സി യോ ആവശ്യമില്ല. പ്രതിമാസം ഒരു ലൈസൻസിന് 3000/- രൂപ+ ടാക്സ്സ് എന്ന നിരക്കിൽ ലൈസൻസ് ഫീയും, HD camera, LED TV എന്നിവ മാത്രം വാങ്ങിയാൽ മതിയാകും. Client സൈഡിൽ ഡെസ്ക് ടോപ്പിലെ വെബ്ക്യാം മുഖേനയോ HD camera & LED TV മുഖേനയോ വീഡിയോ കോൺഫറൻസ് നടപ്പിലാക്കാൻ സാധിക്കുന്നതാണ്.<br>ഈ പ്രൊപ്പോസൽ തുടക്കത്തിൽ തിരഞ്ഞെടുക്കപ്പെട്ട ചില ജില്ലകളിലും, സ്വരാജ് ഭവനിലും, പഞ്ചായത്ത്, സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടെ ഓഫീസിലും, നടപ്പാക്കുന്നതിലേക്കായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | **മാറ്റിവച്ചു.** |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| 1.19 | ഇൻന്റേണൽ ആഡിറ്ററെ നിയമിക്കുന്നത് സംബന്ധിച്ച്. | 27.06.2012 ൽ നടന്ന 58-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 58.19 നമ്പർ തീരുമാനപ്രകാരം A.G യിൽ നിന്നോ, ഫൈനാൻസിൽ നിന്നോ സർവ്വീസിൽ നിന്നും വിരമിച്ചവരെ നിയമിക്കാനും. ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാനും തീരുമാനിച്ചിരുന്നു.<br>ഇതിന്റെ അടിസ്ഥാനത്തിൽ 07.12.2013 ലെ നം.7625/ഇ1/2013/ഐകെഎം നമ്പർ കത്ത് സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് നം.77027/ഐബി1/2013/തസ്വഭവ സർക്കാർ കത്തിൽ ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്തതിനുശേഷം മാത്രമേ പുതിയ നിയമനങ്ങൾ സംബന്ധിച്ച തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ എന്ന് അറിയിച്ചിരുന്നു.<br>G.O.(Ms) No.15/2014/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10.02.2014 മുതൽ ഇൻഫർമേഷൻ കേരള മിഷൻ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിനാൽ ഇൻന്റേണൽ ആഡിറ്ററെ എ.ജി. ഓഫീസിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി. |
| **എടുത്ത തീരുമാനം** | | **മാറ്റിവച്ചു.** |
| 1.20 | ഐ.കെ.എം-ന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച്. | 25.01.2014 ൽ നടന്ന 63-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 63.16 നമ്പർ തീരുമാനപ്രകാരം 2013-14 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് M/s. പോറ്റി & റാവു എന്ന ചാർട്ടേഡ് അക്കൗണ്ടിനെ 2012-13 വർഷത്തെ വ്യവസ്ഥകൾ പ്രകാരം 2013-14 വർഷത്തേക്ക് നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്.<br>ഇതിന്റെ അടിസ്ഥാനത്തിൽ M/s. പോറ്റി & റാവു എന്ന ചാർട്ടേഡ് അക്കൗണ്ടന്റിന് അറിയിപ്പ് നൽകുകയും അവർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഐ.കെ.എമ്മിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ഓഡിറ്റ് ഫീസായി 1,30,000/- രൂപയും, e-Panchayt, KLGSDP എന്നീ പ്രോജക്ടുകളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് 4000/- രൂപ, 6000/- രൂപ യഥാക്രമം ആവശ്യപ്പെട്ടിട്ടുണ്ട്. അംഗീകാരത്തിനായി. ( മൊത്തം 1,40,000/- രൂപ ) |
| **എടുത്ത തീരുമാനം** | | **മാറ്റിവച്ചു.** |
| 1.21 | ഐ.കെ.എം വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറുകൾക്ക് STQC Testing നടത്തുന്നതിനുള്ള അനുമതി സംബന്ധിച്ച്. | ഐ.കെ.എം വികസിപ്പിച്ചെടുത്ത വിവിധ സോഫ്റ്റ്‌വെയറുകളുടെ സുഗമമായ പ്രവർത്തനത്തിന് STQC ടെസ്റ്റിംഗ് നടത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ തിരുവനന്തപുരത്തെ കേന്ദ്ര ഗവർമെന്റ് സ്ഥാപനമായ ഇ.ആർ & ഡി.സി മുഖേന പ്രസ്തുത ടെസ്റ്റിംഗ് നടത്തുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | **മാറ്റിവച്ചു.** |
| 1.22 | സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന് ഇന്റർനെറ്റ് ഉപയോഗത്തിനു വേണ്ടി ഓപ്റ്റിക് ഫൈബർ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന് ഇന്റർനെറ്റ് ഉപയോഗത്തിനു വേണ്ടി മിനിസ്ട്രി ഓഫ് റെയിൽവേയുടെ കീഴിലുള്ള റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ വഴി നടപ്പാക്കുന്ന 10Mbps ഓപ്റ്റിക് ഫൈബർ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി പ്രതി വർഷം 30,000/- രൂപ + ടാക്സ് എന്ന നിരക്കിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | **മാറ്റിവച്ചു.** |
| 1.23 | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെർവർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ | 20.01.2014 തീയതിയിലെ G.O.(Ms) No.15/2014 / LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ഇൻഫർമേഷൻ കേരള മിഷൻ |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | വാർഷിക അറ്റകുറ്റ പണികൾ നടപ്പാക്കുന്നത് സംബന്ധിച്ച്. | സൊസൈറ്റിയുടെ ബൈലാ, റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 7(h) പ്രകാരം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റ പണികൾ നടപ്പാക്കുന്നതിനുള്ള ചുമതല ഐ.കെ.എമ്മിൽ നിക്ഷിപ്തമാക്കിയിരിക്കുകയാണ്.<br>ആയതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെർവർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാർഷിക അറ്റകുറ്റ പണികൾ പബ്ലിക് ടെണ്ടർ വിളിച്ച് നടപ്പാക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | | **മാറ്റിവച്ചു.** |
| 1.24 | ഐ.കെ.എമ്മിന് കോർപസ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്. | 20.01.2014 തീയതിയിലെ G.O.(Ms) No.15/2014 / LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലാ, റൂൾസ് ആന്റ് റെഗുലേഷൻസിലെ ഖണ്ഡിക 7(a, b) പ്രകാരം, പുറമേ നിന്നുള്ള പ്രോജക്ടുകൾ, കൺസൽട്ടൻസി പ്രോജക്റ്റ് എന്നിവ എടുക്കാനും നടപ്പിലാക്കാനും, 7(i) പ്രകാരം റിസർവ് ഫണ്ട് രൂപീകരിക്കാനും അനുമതി നൽകിയിട്ടുണ്ട്.<br>ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പാക്കിയതിനു ശേഷം ഓവർഹെഡ് ചാർജ് അടക്കമുള്ള നീക്കിയിരുപ്പ് തുക ഒരു കോർപസ് ഫണ്ടായി സേവിംഗ്സ് ബാങ്കിലോ, സ്ഥിരം നിക്ഷേപമായോ ഡിപോസിറ്റ് ചെയ്യുന്നതിനുള്ള അനുമതിക്കായി. |
| **എടുത്ത തീരുമാനം** | | **മാറ്റിവച്ചു.** |
| 1.25 | സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച്. | ഐ.ക.എമ്മിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ മറ്റുള്ള സംസ്ഥാനങ്ങളിൽ സുഗമമായി നടപ്പിലാക്കുന്നതിന് വേണ്ടി ഒരു പ്രൈവറ്റ് പാർട്ട്ണറുടെ collaboration ആവശ്യമാണ്. അതിലേക്കായി expression of interest വിളിച്ച് സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്നതിനുള്ള അനുമതിക്കായി. |
| **എടുത്ത തീരുമാനം** | | **മാറ്റിവച്ചു.** |
| 1.26 | ഐ.കെ.എം - ടെക്നിക്കൽ അസിസ്റ്റൻറുമാർക്കും, അക്കൗണ്ടൻറ് കം ഐ.റ്റി എക്സ്പർട്ടുമാർക്കും പ്രതിമാസം 250/- രൂപ മൊബൈൽ അലവൻസ്സ് അനുവദിക്കുന്നത് സംബന്ധിച്ച്. | ഐ. കെ. എം മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തിനായി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ജില്ലാ പ്ലാനിംഗ് ഓഫീസ്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ വിന്യസിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റൻറുമാർക്കും, ബ്ലോക്ക് പഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള അക്കൗണ്ടൻറ് കം ഐ.റ്റി എക്സ്പർട്ടുമാർക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ജില്ലാ കോർഡിനേറ്റർ, ജില്ലാ ടെക്നിക്കൽ ഓഫീസർ എന്നിവരുമായി നിരന്തരം ടെലഫോൺ മുഖേന ബന്ധപ്പെടേണ്ട ആവശ്യമുണ്ട്. ഇതിലേയ്ക്കായി ടെക്നിക്കൽ അസിസ്റ്റൻറുമാർക്കും, അക്കൗണ്ടൻറ് കം ഐ.റ്റി എക്സ്പർട്ടുമാർക്കും പ്രതിമാസം 250/- രൂപ മൊബൈൽ അലവൻസ്സ് അനുവദിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് 25.01.2014 ൽ ചേർന്ന ഐ. കെ. എമ്മിൻെറ 63ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 63.14 നമ്പർ തീരുമാനപ്രകാരം വിശദമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിയ്ക്കുകയുണ്ടായി. എന്നാൽ ഐ. കെ. എം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുള്ള പശ്ചാത്തലത്തിൽ മേൽ വിഷയം സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തന്നെ തീരുമാനം എടുക്കുന്നതിനായി സമർപ്പിക്കുന്നു.<br>നിലവിൽ ഫീൽഡിൽ വിന്യസിച്ചിട്ടുള്ള 261 ടെക്നിക്കൽ അസിസ്റ്റൻറുമാർക്ക് |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | പ്രതിമാസം 250/- രൂപ പ്രകാരം മൊത്തം മൊബൈൽ അലവൻസ്സ് ഇനത്തിൽ 65,250 രൂപയും, ബ്ലോക്ക് പഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള 129 അക്കൗണ്ടന്റ് കം ഐ.റ്റി എക്സ്പർട്ടുമാർക്ക് മൊബൈൽ അലവൻസ്സ് ഇനത്തിൽ 32,250 രൂപയും ചേർത്ത് ആകെ പ്രതിമാസം 97,500 രൂപ ചെലവ് കണക്കാക്കപ്പെടുന്നു. |
| എടുത്ത തീരുമാനം | | **മാറ്റിവച്ചു.** |
| 1.27 | ഐ.കെ.എമ്മിൽ ഒരു ആട്ടോകാഡ് ഡെവലപ്പറെ നിയമിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്. | സങ്കേതം (ബിൽഡിംഗ് പെർമിറ്റ്), സുഗമ (എസ്റ്റിമേറ്റ് തയ്യാറാക്കൽ) എന്നീ സോഫ്റ്റ് വെയറുമായി ആട്ടോകാഡ് ഫയലുകൾ ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമിൽ വികസിപ്പിച്ച് സംയോജിപ്പിക്കുന്നതിനായി മൂന്ന് മാസത്തേയ്ക്ക് ഒരു ആട്ടോകാഡ് ഡെവലപ്പറെ നിയമിക്കുന്നതിനുള്ള അനുമതിയ്ക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | **മാറ്റിവച്ചു.** |
| 1.28 | ശ്രീ. ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ, കോഴിക്കോട് കോർപ്പറേഷൻ ശിക്ഷണനടപടി സംബന്ധിച്ച്. | ശ്രീ. ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ, കോഴിക്കോട് കോർപ്പറേഷൻ താഴെ പറയുന്ന തീയതികളിൽ അനധികൃത അവധിയിൽ പ്രവേശിച്ചിരുന്നു.<br>1. 27/03/2013 മുതൽ 21/05/2013 വരെ 56 ദിവസം അനുമതി ഇല്ലാതെ അവധിയിൽ പ്രവേശിച്ചു. ഈ കാലയളവിൽ വിദേശപര്യടനം നടത്തി.<br>2. 01/12/2013 മുതൽ 20/01/2014 വരെ 51 ദിവസം ആർജ്ജിത അവധിക്ക് അപേക്ഷിച്ചു ജില്ലാ കോർഡിനേറ്റർ ശുപാർശചെയ്യാത്തതിനാൽ അവധി നിരസിച്ചു. പക്ഷെ അനധികൃതമായി അവധിയിൽ പ്രവേശിച്ചു.<br>3. 7/02/2014 മുതൽ 21/02/2014 വരെ 15 ദിവസം ആർജ്ജിത അവധിക്ക് അപേക്ഷിച്ചു ജില്ലാ കോർഡിനേറ്റർ ശുപാർശചെയ്യാത്തതിനാൽ അവധി നിരസിച്ചു. പക്ഷെ അനധികൃതമായി അവധിയിൽ പ്രവേശിച്ചു.<br>ശ്രീ.ആനന്ദ് യു.ആർ ആകെ 122 ദിവസം അനധികൃത അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. ശ്രീ.ആനന്ദ് യു.ആറിന് എതിരെയുള്ള അച്ചടക്ക നടപടികളെ സംബന്ധിച്ച ഫയൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | **മാറ്റിവച്ചു.** |
| 1.29 | ശ്രീ.സിറിൽ ടി.കുര്യക്കോസ്, ടെക്നിക്കൽ ഓഫീസറുടെ ശിക്ഷണനടപടി സംബന്ധിച്ച്. | 25.01.2014 ലെ 63-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 63.19 നമ്പർ തീരുമാനപ്രകാരം ശ്രീ.സിറിൽ ടി. കുര്യക്കോസ്, ടെക്നിക്കൽ ഓഫീസറുടെ ശിക്ഷണനടപടി സംബന്ധിച്ച് എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ നടപടികൾ തുടരേണ്ടതാണ് എന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരുന്നു.<br>അയതിൻ പ്രകാരം ശ്രീ.സിറിൽ റ്റി കുര്യാക്കോസ് അനധികൃതമായി അവധിയിലായിരുന്ന താഴെ പറയുന്ന കാലയളവുകൾ ശൂന്യവേതന അവധിയായി അനുവദിച്ച് കൊണ്ട് കാലയളവുകൾ ക്രമപ്പെടുത്തി സഞ്ചിതഫലത്തോടെ രണ്ട് വാർഷിക ഇൻക്രിമെന്റ് തടഞ്ഞ് വെച്ചു കൊണ്ടും ശ്രീ. സിറിൽ റ്റി കുര്യാക്കോസിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയത് എക്സിക്യൂട്ടീവ് കമ്മിറ്റിയെ അറിയിക്കുന്നതിനായി സമർപ്പിക്കുന്നു.<br>a. 21/11/2012 മുതൽ 08/01/2013 വരെ ശൂന്യവേതന അവധി<br>b. 18/03/2013 മുതൽ 22/03/2013 വരെയും 5 ദിവസത്തെ പരിവർത്തിത അവധി<br>c. 8/07/2013 മുതൽ 27/07/2013 വരെയും 20 ദിവസത്തെ ആർജ്ജിത അവധി |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | d.19/08/2013 മുതൽ 29/08/2013 വരെയും 11 ദിവസത്തെ ആർജ്ജിത അവധി<br>e. 24/09/2013 മുതൽ 28/09/2013 വരെ 5 ദിവസത്തെ ആർജ്ജിത അവധി<br>f. 04/10/2013 മുതൽ 20/01/2014 വരെ 108 ദിവസത്തെ ശൂന്യവേതന അവധി |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 1.30 | ശ്രീമതി.ജീജ ടി.കെ, ടെക്നിക്കൽ ഓഫീസർ, തളിപ്പറമ്പ് മുനിസിപ്പാലിറ്റി അച്ചടക്ക ലംഘനം സംബന്ധിച്ച്. | കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലെ ടെക്നിക്കൽ ഓഫീസറായ ശ്രീമതി.ജീജ ടി.കെയോട് 23/06/2013 തീയതിയിലെ സ്ഥലംമാറ്റ ഉത്തരവു പ്രകാരം കണ്ണൂർ ജില്ലാ ടെക്നിക്കൽ ഓഫീസർ തളിപ്പറമ്പ ബ്ലോക്കിലെ ചാർജ്ജ് എടുക്കാൻ ആവശ്യപ്പെട്ടെങ്കിലും അത് അനുസരിക്കാതിരിക്കുകയും , കൂടാതെ കോമൺ മാര്യേജ്മായി ബന്ധപ്പെട്ട അടിയന്തര റിപ്പോർട്ട് ഐ കെ എമ്മിൽ നിന്ന് ആവശ്യപ്പെട്ടിരുന്നത് ജില്ലയിലെ എല്ലാ ടെക്നിക്കൽ അസ്സിസ്റ്റൻമാരും നല്കിയിട്ടും ശ്രീമതി ജീജ ടി കെ നൽകാതിരുന്നതുമൂലം ഐ കെ എം ലേക്ക് റിപ്പോർട്ട് അയയ്ക്കുവാൻ കാലതാമസം നേരിടേണ്ടി വന്നത് ശ്രീമതി.ജീജ ടി.കെ യുടെ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചതുമൂലമായതിനാൽ 15/10/2013 തീയതിയിൽ No:5955/2013/IKM/E-7പ്രകാരം മെമ്മോ നൽകിയിരുന്നു.<br><br>മെമ്മോയുടെ മറുപടി 30/10/2013 തീയതിയിൽ നൽകിയിരുന്നെങ്കിലും ഫയൽ തുടർ നടപടികൾക്കായി സമർപ്പിച്ചപ്പോൾ കണ്ണൂർ ഡി.റ്റി.ഒ യുടെ വിശദീകരണം ലഭിച്ചതിനുശേഷം ഫയൽ സമർപ്പിക്കുവാൻ ടീം ലീഡർ അഡ്മിൻ നിർദ്ദേശിച്ചതിനെ തുടർന്ന് കണ്ണൂർ ഡി. റ്റി. ഒ യോട് വിശദീകരണം തേടുകയും ചെയ്തിരുന്നു. കണ്ണൂർ ഡി.റ്റി.ഒ നൽകിയ റിപ്പോർട്ടിൻ പ്രകാരം ഫയൽ മേൽ നടപടികൾക്കായി സമർപ്പിച്ചതിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം ഐ.കെ.എം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ കടുത്ത ശിക്ഷണ നടപടികൾ എടുക്കുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാര പരിധിയിൽ വരുന്നതാണെന്നും ആയതുകൊണ്ട് ഫയൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു. ശ്രീമതി. ജീജ ടി.കെ യുടെ അച്ചടക്ക നടപടികളെ സംബന്ധിച്ച ഫയൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 1.31 | ശ്രീമതി. സിബി.എം, ജൂനിയർ ടെക്നിക്കൽ ഓഫീസർ, (ആലപ്പുഴ ജില്ല) ജോലിയിൽ നിന്നും പിരിച്ച് വിടുന്നത് സംബന്ധിച്ച്. | 14.01.2013 മുതൽ 12.07.2013 വരെ മെറ്റേർനിറ്റി ലീവിലായിരുന്ന ശ്രീമതി. സിബി.എം, ജൂനിയർ ടെക്നിക്കൽ ഓഫീസർ അതിനു ശേഷം ഇന്നേ ദിവസം വരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി വിട്ടുനിൽക്കുന്ന ശ്രീമതി. സിബി.എം ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപനവുമാണ് നടത്തിയത്. ഈ ഉദ്യോഗസ്ഥയ്ക്ക് ഐ.കെ.എമ്മിൽ തുടരാൻ താൽപര്യമില്ല എന്നു വ്യക്തമായിരിക്കുന്നു. ആയതിനാൽ ഈ ജീവനക്കാരിയെ ഐ.കെ.എമ്മിന്റെ സേവനത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്. അനുമതിക്കായി. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 1.32 | ശ്രീമതി.പ്രജീഷ.എസ്, ജൂനിയർ ടെക്നിക്കൽ ഓഫീസർ, (എറണാകുളം ജില്ല) ജോലിയിൽ തുടരുന്നതിനുള്ള കഴിവില്ലായ്മ സംബന്ധിച്ച്. | ശ്രീമതി.പ്രജീഷ.എസ്, ജൂനിയർ ടെക്നിക്കൽ ഓഫീസർ, എറണാകുളം ജില്ല ഒട്ടും കാര്യക്ഷമതയില്ലാത്ത ജീവനക്കാരിയാണ് എന്ന് ജില്ലാ ടെക്നിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ ജീവനക്കാരി 04.11.2006 മുതൽ ഐ.കെ.എമ്മിൽ ജോലി ചെയ്തു വരുന്നു. ഇത്രയും സീനിയറായിട്ടും ഐ.കെ.എം വികസിപ്പിച്ച് ഉപയോഗിച്ചു വരുന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളുമായിട്ട് യാതൊരു അറിവും പരിചയവുമില്ല. മാത്രമല്ല ഈ |

| ഇനം നമ്പർ | അജണ്ട | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|---|
| | | ഉദ്യോഗസ്ഥയുടെ കഴിവില്ലായ്മ മൂലം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതായും തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു.<br>ഈ ഒരു സാഹചര്യത്തിൽ ടി ഉദ്യോഗസ്ഥയെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നതുകൊണ്ട് പ്രയോജനമില്ല എന്ന് കാണുന്നു. ഈ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | | മാറ്റിവച്ചു. |
| 1.33 | മറ്റു വിഷയങ്ങൾ - അദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടി | |

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
(മെമ്പർ സെക്രട്ടറി)

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
(ചെയർമാൻ)

James Varghese
Principal Sec... ...overnment
Local Self Go... ...Port Dept.
Government Se... Tvpm.
Tel : 2517219, Telefax : 2320434